# കേരള സർവകലാശാല

നം. പി.ആർ.062/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാല ആസ്ഥാനത്ത് ശ്രീനാരായണഗുരുവിന്റെ പ്രതിമ സ്ഥാപിക്കാൻ സ്ഥലം നൽകും

കേരള സർക്കാർ സംസ്ഥാന തലസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ശ്രീനാരായണഗുരുവിന്റെ പ്രതിമയ്ക്കായി കേരള സർവകലാശാല സെനറ്റ് ഹൗസ് കാമ്പസിൽ സ്ഥലം നൽകാൻ ഇന്ന് ചേർന്ന സെനറ്റ് യോഗം തീരുമാനിച്ചു. ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി നൽകവെ ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. കെ.എച്ച് ബാബുജാൻ മുന്നോട്ട് വച്ച നിർദ്ദേശം സെനറ്റ് ഏകകണ്ഠമായി അംഗീകരിക്കുകയായിരുന്നു. സർവകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ പര്യാപ്തമാകുന്ന തരത്തിൽ ഇന്നലെ അവതരിപ്പിച്ച സർവ്വതല സ്പർശിയായ വികസന പദ്ധതികൾ അടങ്ങുന്ന 2018–19 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന് ഇന്ന് ചേർന്ന സെനറ്റ് യോഗം അംഗീകാരം നൽകി. ബഡ്ജറ്റിൽ അവതരിപ്പിച്ച വികസന പദ്ധതികൾ അഭിമാനകരമായ നേട്ടങ്ങൾ സർവകലാശാലയ്ക്ക് നേടികൊടുക്കുമെന്ന് സെനറ്റ് വിലയിരുത്തി. കാര്യവട്ടം ക്യാമ്പസിൽ കശുമാവ് ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങളുടെ വിശാലമായ തോട്ടം സ്ഥാപിക്കുന്നതിനും സെനറ്റ് യോഗം തീരുമാനിച്ചു. താഴെപ്പറയുന്ന മറ്റ് തീരുമാനങ്ങൾക്കും അംഗീകാരം നൽകി.

- സർവകലാശാല മലയാളം പഠന വകുപ്പിന് കീഴിൽ 'ഇന്റർനാഷണൽ സെന്റർ ഫോർ ശ്രീനാരായണഗുരു സ്റ്റഡീസ്' ആരംഭിക്കും.
- കേരളത്തിന് അവിസ്മരണീയ ഭരണ നേതൃത്വം നൽകിയിരുന്ന മുഖ്യമന്ത്രിമാരായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, ആർ. ശങ്കർ, സി.അച്ചുതമേനോൻ, സി.എച്ച്. മുഹമ്മദ് കോയ, കെ. കരുണാകരൻ, ഇ. കെ. നയനാർ, പി.കെ. വാസുദേവൻ നായർ എന്നിവരുടെ സമഗ്ര സംഭാവനകളെ വിലയിരുത്തുന്ന പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.
- ദ്രാവിഡ ജനതയുടെ സംസ്കാരം അടുത്തറിയുന്നതിനും, അതിനെ സംബന്ധിച്ച് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്താനും ലക്ഷ്യം വച്ച് തമിഴ് പഠനവകുപ്പിന് കീഴിൽ 'മനോൻമണിയം സുന്ദരം പിള്ള ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് കേന്ദ്രം' സ്ഥാപിക്കും.
- ഗാന്ധിയൻ പഠന കേന്ദ്രത്തിന് ആവശ്യമായ വികസന സൗകര്യങ്ങൾ ഒരുക്കുകയും 'മതേതര ഇന്ത്യയും ഗാന്ധിജിയും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണ പരമ്പര സംഘടിപ്പിക്കുകയും ചെയ്യും.

## എം.എസ്സി ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ബയോഇൻഫർമാറ്റിക്സ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി ഫലം

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് (റീസ്ട്രക്ച്ചേർഡ്) സപ്ലിമെന്ററി ബി.എസ്‌സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോടെക്നോളജി (മൾട്ടി മേജർ), ബയോ കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

2017 മേയിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് (2013 അഡ്മിഷനു മുൻപ്, 2010 അഡ്മിഷൻ-മേഴ്സിചാൻസ്) ബി.എസ്‌സി ബോട്ടണി ആന്റ് ബയോടെക്നോളജി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

## ബി.കോം ഫലം

2017 മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജർ ആന്റ് പ്രാക്ടീസ് (2013 അഡ്മിഷനു മുൻപ്) (2011 & 2012 അഡ്മിഷന് - സപ്ലിമെന്ററി, 2010 അഡ്മിഷന് - മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

## സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയം. ജെ.എൻ.എം/ബി.എസ്‌സി; നഴ്സിംഗ്, കൂടാതെ കേരള രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഫീസ്: 7500 രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കോഴ്സ് കാലാവധി: ആറ് മാസം. വിവരങ്ങൾക്ക്: ഫോൺ: 0471-2302523. അവസാനതീയതി: മാർച്ച് 24.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് കാലാവധി: ആറ് മാസം. ഫീസ്: 10,500/- രൂപ. അപേക്ഷാഫീസ്: 100 രൂപ. അവസാന തീയതി: മാർച്ച് 24. അപേക്ഷാ ഫോറം പി.എം.ജി ജംങ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ലഭിക്കും. വിവരങ്ങൾക്ക്: 0471-2302523.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസെന്റ് ആന്റ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സ് - തീയതി നീട്ടി

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസെന്റ് ആന്റ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സിന് മാർച്ച് 24 വരെ അപേക്ഷിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കാലാവധി: നാല് മാസം. ഫീസ്: 7500 രൂപ. അപേക്ഷ ഫോറം: 100 രൂപ. അവസാന തീയതി: മാർച്ച് 24, ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. ഫോൺ: 0471-2302523. അപേക്ഷാ ഫോറം പി.എം.ജി യിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ലഭിക്കും.

## സി.ബി.സി.എസ് പരീക്ഷകളുടെ ടൈംടേബിൾ

മാർച്ച് 26-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്സി ഫലം

2017 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി മെഡിസിനൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി, എം.എ തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
17.03.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098